# മംഗളാശംസ.

എം. സി. കെ. നമ്പ്യാർ, II U. C.

മാനവസംസ്കാരത്തിൻ സ്ഥാനമേ,‘ഫറൂഖ്’ാം വി-
ജ്ഞാന കേന്ദ്രമേ, വെൽക, ഭാസുരപ്രദീപമേ!
അമ്മയാമിക്കേരളനാട്ടിൻെറ സാരോദാര–
സമ്മാനസമ്പത്തായിട്ടെന്നു നീ ജന്മം പൂണ്ടോ,
അന്നു തൊട്ടിന്നേവരെ മർത്ത്യസേവന കർമ്മ–
ത്തിന്നു നീ ജയിക്കുന്നു; നാളെയും ജയിക്കാവൂ.
അങ്ങോട്ടു നോക്കൂ, കാണാമാഷ്ട്രവനാശാസ്യ–
രംഗങ്ങൾ കടന്നു പോകുന്നതു ദയനീയം:
ശരിയായനേകം പേരാത്മശോണിതം നിത്യം
വറുതിപ്പിശാചിന്നു ബലിയായർപ്പിക്കുമ്പോൾ,
പണവും പ്രതാപവും കൈവരാനനുസ്യൂതം
പണയം കൊടുക്കുന്നു പതറാതൊരുകൂട്ടം.

ചിലരോ മറയ്ക്കുന്നു, ഹാ മതത്തിൻെറ പേരിൽ,
പല നാളായികെട്ടിപ്പൊക്കിയ സാഹോദര്യം!
ഏതൊന്നു മന്നിൽപ്പേർത്തും വിതച്ചു ‘മഹാബുദ്ധ–
ദേവ’,നം മൌര്യാചാര്യ, നക്ബറും, ‘മഹാ
ത്മാ’വും,
അസ്സാർവ്വസാഹോദര്യസംഹിത പാലിക്കാനു–
ദ്യുക്തരാവുകനമ്മളല്പവും വൈകിക്കാതെ.
മാനവസംസ്കാരത്തിൻ സ്ഥാനമേ,‘ഫറൂഖ്’ാം വി-
ജ്ഞാന കേന്ദ്രമേ, വെൽക ഭാസുരപ്രദീപമേ!
ഇരുളിന്നറനീക്കി മർത്ത്യനേ മർത്ത്യൻ കാണും
പരിതഃസ്ഥിതിയൊന്നു വെട്ടി നീ തുറക്കാവൂ!
എന്തിനും, മുമ്പേനിന്നു പൂജ്യയാത്രികൾകൊണ്ട
‘ശാന്തിമണ്ഡല’ത്തിൻെറ സന്ദേശം പരത്താവൂ!!

# മാതൃഭൂമി. *

സി. ഗോപാലകൃഷ്ണൻ, Class I.

(കേക)

ചാതകകലരുമെൻ കേരള രാജ്യത്തിൻെറ–
പേരുകേട്ടിടുംനേരം പുളകംകൊള്ളുന്നു ഞാൻ!
അങ്ങതാ തലപൊക്കിനില്ക്കുന്ന സഹ്യൻനീളെ
അമ്മയെരക്ഷിക്കുവാനംഗരക്ഷകൻപോലെ.
സാഗരം ചിരിതൂകി പാദങ്ങൾ തലോടുമ്പോൾ,
സാദരംകൈകൂപ്പുന്നു കന്യയും ഗോകർണ്ണവും!
കാടുകൾ, തടാകങ്ങൾ, പാടങ്ങളരുവികൾ,
മോടിയിൽ ഹരിതാഭചേർന്നുള്ള മൈതാനങ്ങൾ,
അമൃതംനിറച്ചുള്ളോരിളനീർക്കുലയോടെ,
വിമലസ്നേഹത്തിൻെറ മാതൃകകാട്ടിക്കാട്ടി,
കാമധേനുക്കൾ ഹാ! ഹാ! കല്പകപൂന്തോപ്പുകൾ,
കേരവൃക്ഷങ്ങൾ കാററിൽ ചാഞ്ചാടിക്കളിക്കുന്നു!
പാകമായ് പൊന്നിൻനിറം കലരുംകതിർചിന്തി,
പാടങ്ങളസംഖ്യങ്ങൾ കണ്ണിനെക്കുളിർപ്പിക്കും,
കാററിടപെട്ടാകാട്ടുമുളകളേകാന്തമായ്
പാട്ടുകൾപാടി ചെവിക്കിമ്പത്തെയുദിപ്പിക്കും,
മാകന്ദമരക്കൊമ്പിൽ കൂടുകെട്ടീടും കുയിൽ,
മോദേന'കൂക്കൂ'ശബ്ദം പൊഴിച്ചുരസിക്കുമ്പോൾ,
മാതാവിനാജ്ഞാകാരനക്കൊച്ചുമന്ദാനിലൻ
ചേതസ്സുകളിപ്പിച്ചു സഞ്ചരിച്ചീടുംനേരം,
ആരുഹാ! നമിക്കില്ല മാതൃപാദത്തിൽ ഭക്തി–
ചേരുന്നഹൃദയത്തോ,ടഭിമാനത്തോടമ്മേ!
പാരിനൊക്കയും ജ്ഞാനകന്ദളം തെളിയിച്ച–
കേരളമാതാവേ, നീ,നിർഭാഗ്യയായിത്തീർന്നു!!

അന്നുനീ, തണലേകിലാളിച്ചവൈദേശിക–
രിന്നുനിൻദൈന്യംനോക്കിനിന്ദിച്ചുചിരിക്കുന്നു!
ധീരരാം തവമക്കളാർജ്ജിച്ച യശസ്സെല്ലാം
ദാരിദ്ര്യപ്രവാഹനിമ്നങ്ങളിൽ ചാമ്പലായ്മാറിടുന്നു!
ഓർക്കയാണിപ്പോഴും ഞാനക്കാലംമഹാബലി–
ച്ചക്രവർത്തിയിൻകീഴിൽവാണ നിൻസുദിനങ്ങൾ!
ഓണമാണെല്ലാവർക്കുമക്കാല,മിന്നോനിൻെറ—
ഓമനസ്സുതരരികഞ്ഞിക്കു തിണ്ടാടുന്നു!!
പട്ടിണികിടക്കുന്നു കർഷകൻ പൊടിമണൽ
പാട്ടിലുംമരതകപ്പച്ചയായ് മാററുംധീരൻ.
കുഞ്ഞിക്കുകരയുന്ന കുഞ്ഞിനെനോക്കിപ്പാവം
കണ്ണുനീർചൊരിയുന്നു മാതാക്കൾ നിരാധാരർ!
ജോലികിട്ടാതെ, മക്കളലഞ്ഞുതിരിയുന്നു
കൂലികിട്ടാതെ തൊഴിലാളികൾ വലയുന്നു!!
അംഗങ്ങൾമുറിഞ്ഞുനീ വേർപെട്ടുകിടക്കിലും
ഹന്ത! നിൻ സംസ്കാരമാമാത്മാവിനില്ലാ കോട്ടം!
ഏകമായ് പുതുജീവൻവീണ പുഞ്ചിരിതൂകും
നാകമായ്ത്തീരും മമകേരളമൊരുദിനം.
അന്നു മൽസഹോദരരാനന്ദനൃത്തം ചെയ്യും
മന്നിതിൽമാതാവിൻെറകീർത്തിനക്ഷത്രംപൊങ്ങും.
ആ ശുഭദിനാഗമം കാത്തുകാത്തിരിക്കുന്നു
ഹാ! ശുഭേ! വർഷംകാക്കും ചാതകക്കിളിപോൽ ഞാൻ.

നമസ്തേ! മമനാടേ! നമസ്തേ! മലനാടേ!
നമസ്തേ! മമമാതൃരാജ്യംനീ; ജയിച്ചാലും.

* (1953_ലെ കോളേജുദിനാഘോഷം പ്രമാണിച്ച് നടത്തിയ ദ്രുതകവനമത്സരത്തിൽ രണ്ടാം സമ്മാനാർഹമായതു്.)

# ശിശു. *

സി. കെ. നാരായണൻ, Class II.

അകളങ്കോജ്ജ്വലസൗന്ദര്യത്തിൻ
തികവേ, നിസ്തുലനിർമ്മലതേ,
പാരിൻ പരംശതമഭിലാഷങ്ങാം
പരിമളമണിയും പൂമ്പൂവേ,
നിന്നെ'ശിശു'വിൻ പര്യായത്തിൽ
മന്നിടമഖിലവുമറിയുന്നു. i

അച്ഛൻ കാണ്മതു നിൻനയനത്തിൽ
സ്വപ്നംപൂത്തസരോവരമാം
നിർമ്മലമാം നിൻ നീലക്കണ്ണുക-
ളുണ്മയിൽനോക്കും നിൻതാതൻ,
ആയിരമാശകൾ സമ്മേളിക്കും
മായികമഴവിൽ കാണുന്നു!
നിന്നുടെയാഗമമാനന്ദം തിര
തല്ലുംകണ്ണാലീക്ഷിച്ചും,
ആകാശത്തഭിലാഷത്തിൻനവ
മേഖലയറ്റെ പണിതീർത്തും,
നിന്നുയിരൊന്നിനുമാത്രംവേണ്ടി
തന്നുടെജന്മംവിഗണിച്ചും;
നൈർമ്മല്യത്തിൻ നന്മധുനല്ലൊ-
രമ്മയുമുയിരിന്നുയിരാം നീ. ii

പാരിൻകപടതകാണാൻകഴിയാ-
താരെയും ക്ലേശാതേയും
വാനത്തിൻെറ വിശാലതനോക്കി-
ക്കാണും നിന്നെ നമിക്കാത്തോർ,
മധുരോദാരവിചാരമിയന്നോർ
മഹിയിതിലാരെ കണ്ടീടാൻ? iii

പ്രാർത്ഥിക്കുന്നു നിന്നുടെതാതനു-
മുൾക്കണ്ഠിതയാം മാതാവും.
തങ്ങടെകുഞ്ഞിനു സർവോൽക്കർഷവു-
മൊന്നായീശ്വരനേകീടാൻ
അനുഭവസിദ്ധം:—പാരിടമഖിലം
കദനത്തിൽ മണലാരണ്യം—
അച്ഛനുമമ്മയുമറിയുമിതെന്നാൽ
നിച്ചിലുമങ്ങനെയാശിപ്പൂ! iv

നാളെ നീയും വിടരുകയായീ
ചേലേറീടും കോരകമേ!
മന്ദാനിലനിന്നെങ്ങും നിന്നുടെ-
യന്തികസീമനി വീശുന്നു;
ഉടനെ വിടരും നീ, യപ്പോഴതു
കൊടിയൊരു കാററായ് മാറീടും?
നിൻതളിർമെയ്യിനുവേദനയേല്ക്കരു-
തെന്നാ ദിനകരനാശിപ്പൂ:
നിഷ്കളചിന്തകൾ— ചന്ദ്രികനാളെ-
യുഷ്ണളകിരണമതിർത്തീടും!
ഇത്തിരിയൊന്നുകഴിഞ്ഞാൽനീയും
യാത്രതുടങ്ങും രണഭൂവിൽ-
സുഖവുംദുഖവുമെതിരായ് പൊരുതും
ഭീകരജീവിതരണഭൂവിൽ-
ഇന്നുചിരിയ്ക്കുംനീ,യന്നത്രേ
കണ്ണീർ പാഴിൽ പൊഴിയുവതും !! v

ഉണരുക കുഞ്ഞേ, യുണരുകജീവിത-
രണമാണോർക്ക, കിനാവല്ല
നിൻകരമത്ഭുതശക്തികളാലെ
സഞ്ചിത, മുടനെയുണർന്നാലും
മുന്നേറീടും സൈനികനാണിനി-
"യിന്നിൻകുഞ്ഞേ", നാളെ നീ
നീയിന്നറിവതു 'ശിശു'വിൻ പേരിൽ
നാളെപ്പൊരുതും സേനാനി!

അകളങ്കോജ്ജ്വലസൗന്ദര്യത്തിൻ
തികവേ, നിസ്തുലനിർമ്മലതേ,
നിന്നെ'ശിശു'വിൻ നാമത്താലെ
മന്നിതിലഖിലവുമറിയുന്നു;
എന്നാൽ നിന്നെവിളിപ്പൂ ഞാനീ
'മന്നിൻ ധീരഭടാഗ്രിമനായ്'! vi

* 1953_ലെ കലാലയദിനത്തോടനുബന്ധിച്ച് നടത്തപ്പെട്ട ദ്രുതകവനമത്സരത്തിൽ ഒന്നാം സമ്മാനത്തിന് അർഹമായത്.